# SAMAGRA PLUS

## അർദ്ധ വാർഷിക മൂല്യനിർണ്ണയം 2024
## ക്ലാസ്സ് 7
## മലയാളം -അടിസ്ഥാന പാഠാവലി

Time : 2 മണിക്കൂർ Score : 25 മാർക്ക്

നിർദ്ദേശങ്ങൾ

1 മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാൻ ഉള്ളതാണ്.

2 ആകെ ആറ് പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ച് പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

### പ്രവർത്തനം 1 : വായിക്കാം എഴുതാം

#### മരം നട്ട മനുഷ്യൻ

ആൽപ്സ് പർവ്വതം, പ്രോവൻസിലേക്ക് തള്ളി നിൽക്കുന്ന ഭാഗം. സഞ്ചാരികൾ പോകാറില്ലാത്ത ഒരു മലമ്പ്രദേശത്തു കൂടി ഞാൻ തനിച്ച് ബഹുദൂരം നടക്കുകയായിരുന്നു. മൂന്നു ദിവസം നടന്നപ്പോൾ മരുവത്ക്കരിക്കപ്പെട്ട ഭൂമിയിൽ പണ്ടെങ്ങോ വരണ്ടുപോയ ഒരു അരുവിക്കരയിൽ ഞാൻ എത്തപ്പെട്ടു. ഈ ഊഷരഭൂമിയിൽ വെള്ളം കണ്ടെത്താനാവുമെന്ന പ്രതീക്ഷയേ നഷ്ടപ്പെട്ടു. അപ്പോൾ അകലെ ഒരു മരത്തിന്റെ കുറ്റി പോലെ എന്തോ ഒന്നു കാണാനായി. അത്ഭുതം അതൊരു ആട്ടിടയനായിരുന്നു. വരണ്ടുണങ്ങിയ മണ്ണിൽ അയാളുടെ ചുറ്റുമായി മുപ്പത് ആടുകൾ. മലമടക്കുകൾക്കിടയിലെ തന്റെ കുടിലിലേക്ക് അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടുപോയി

ഈ മലഞ്ചെരുവിൽ ഓക്കുമരങ്ങൾക്കിടയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന മൂന്നോ നാലോ ഗ്രാമങ്ങൾ എനിക്കു നന്നായറിയാം. മരം കത്തിച്ചു കരി ഉണ്ടാക്കി വിൽക്കലാണ് ഗ്രാമീണരുടെ ജോലി. ജീവിതം ഇവിടെ മഹാകഷ്ടമാണ്. തണുപ്പുകാലത്ത് അതി ശൈത്യം, വേനലിൽ ദുസ്സഹമായ ചൂടും വരൾച്ചയും. മനുഷ്യരുടെ അത്യാഗ്രഹം അവരെ നാശത്തിലെത്തിച്ചിരിക്കുന്നു . അതിനുപുറമേ സിരകളെ വലിച്ചു മുറുക്കുന്ന നശിച്ച കാറ്റും .

പിറ്റേന്നു രാവിലെ ഇടയന്റെ കൂടെ ഞാനും നടക്കാൻ പോയി . അയാളുടെ കയ്യിൽ എന്റെ വിരലിന്റെ വണ്ണവും ഒരു വാര (ഏകദേശം 90 സെൻറീമീറ്റർ) നീളവുമുള്ള ഒരു കമ്പിയുണ്ടായിരുന്നു. തോളത്ത് വിത്തുകൾ നിറച്ച ഒരു സഞ്ചിയും. കുറച്ചു ദൂരം നടന്ന് അയാൾ കമ്പി കൊണ്ട് നിലത്തൊരു ദ്വാരമുണ്ടാക്കി. എന്നിട്ട് ഒരു വിത്ത് അതിലിട്ട് മണ്ണിട്ടു മൂടി . ഓ, അയാൾ ഓക്ക് നടുകയാണ് .

"ഈ സ്ഥലം നിങ്ങളുടേതാണോ" ഞാൻ ചോദിച്ചു

അല്ലെന്ന് അയാൾ പറഞ്ഞു. ഇത് പൊതുഭൂമിയാവണം. ആരാണിതിന്റെ ഉടമസ്ഥൻ എന്നറിയാൻ അയാൾക്കൊരു താൽപര്യവും ഇല്ല. അയാൾ അത്യുത്സാഹത്തോടെ വിത്തുകൾ നട്ടു കൊണ്ടേയിരുന്നു.

1) ഊഷരഭൂമി എന്നതിന്റെ അർത്ഥം എന്ത് ?
- വെള്ളത്തിൽ മുങ്ങിയ ഭൂമി
- ചതുപ്പ്
- വരണ്ട ഭൂമി
- കുന്നിൻ പ്രദേശം

2) സഞ്ചാരികൾ പോകാറില്ലാത്ത മലമ്പ്രദേശത്തുകൂടി നടക്കുമ്പോൾ ദൂരെ മരക്കുറ്റിപോലെ അയാൾക്ക് കാണാനായതെന്ത് ?

3) സഞ്ചാരി എത്തിച്ചേർന്ന ഗ്രാമത്തിലെ കാലാവസ്ഥ ദുസ്സഹമാണ്. ഗ്രാമത്തെ ഈ അവസ്ഥയിലേക്ക് നയിച്ചതെന്ത് ?

4) ഓക്കുമരം നടുന്ന ഇടയന്റെ പ്രവൃത്തി മഹത്തരമാകുന്നത് എങ്ങനെ?

## പ്രവർത്തനം 2 : എ) പ്രതികരണക്കുറിപ്പ്




കാട്ടിലൂടെ പോകുന്ന ഈ റോഡ് മുറിച്ചു കടക്കുന്നത് മൃഗങ്ങളാണോ?
'കാട് ആരത്' എന്ന കവിതാഭാഗത്തെ മുൻനിർത്തി പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

ബി) 'കാട് ആരത്' എന്നതിന്റെ അർത്ഥമെന്ത്?
- കാട്ടിൽ ആരാണ്
- കാട് ആരുടേത്
- കാട് നശിപ്പിക്കരുത്

## പ്രവർത്തനം 3 : എ) നിവേദനം



നിള സംഗ്രഹാലയം പൊന്നാനിയിൽ പരിപാലിക്കുന്ന മിയാവാക്കി വനം

### മിയാവാക്കി വനം

*തരിശുഭൂമിയിലും ചുരുങ്ങിയ കാലം കൊണ്ട് സ്വാഭാവിക വനങ്ങൾ സൃഷ്ടിച്ചെടുക്കാൻ സാധിക്കുമെന്ന ആശയം നടപ്പാക്കിയത് ജപ്പാനീസ് സസ്യ ശാസ്ത്രജ്ഞനായ അകിര മിയാവാക്കിയാണ്. 150 - 200 വർഷം കൊണ്ട് രൂപപ്പെടുന്ന സ്വാഭാവിക വനങ്ങളെ അതേ രീതിയിൽ പരമാവധി 30 വർഷം കൊണ്ട് സൃഷ്ടിച്ചെടുക്കാമെന്ന ആശയമാണ് മിയാവാക്കി വനം. വനവത്ക്കരണത്തിന് സ്ഥലപരിമിതി ഏറെയുള്ള നഗരങ്ങളിൽ വൈവിധ്യമാർന്ന മരങ്ങൾ കുറഞ്ഞ സമയം കൊണ്ട് വളർത്തിയെടുക്കാമെന്നതാണ് മിയാവാക്കി വനങ്ങളെ ഏറെ ആകർഷകമാക്കുന്നത്.*

*ഒരു ചതുരശ്ര മീറ്ററിൽ 3 - 4 ചെടികളാണ് വേണ്ടത്. വള്ളി ചെടികൾ, കുറ്റി ചെടികൾ, ചെറു മരങ്ങൾ, വൻ മരങ്ങൾ എന്നിവ ഇടകലർത്തി നടുന്നത് വഴി വനത്തിനുള്ള പല തട്ടിലുള്ള ഇലച്ചാർത്ത് ഉറപ്പാക്കുന്നു. അടുപ്പിച്ച് നടുമ്പോൾ ചെടികൾ സൂര്യപ്രകാശത്തിന് വേണ്ടിയുള്ള മത്സരത്തിൽ കൂടുതൽ ഉയരത്തിൽ വളരുവാൻ ചെടികൾ ശ്രമിക്കുന്നു. ഓരോ സ്ഥലത്തും സ്വാഭാവികമായി വളരുന്ന ചെടികളും മറ്റും കണ്ടെത്തിയാണ് മിയാവാക്കി വനം സൃഷ്ടിക്കുന്നത്.*

കുറഞ്ഞ സ്ഥലത്തും വൈവിധ്യമാർന്ന മരങ്ങൾ നട്ടുവളർത്താവുന്ന 'മിയാവാക്കി' വനത്തിന്റെ നിർമ്മാണ രീതികൾ പരിചയപ്പെട്ടല്ലോ. നിങ്ങളുടെ പഞ്ചായത്തിലും ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് ഇത്തരത്തിലുള്ള ഒരു മിയാവാക്കി വനം വെച്ചുപിടിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകുന്നതിനുള്ള ഒരു നിവേദനം തയ്യാറാക്കുക.

ബി) 'ഫാത്തിമത്തുരുത്ത്' എന്ന കവിത എഴുതിയതാര് ?

- കുരീപ്പുഴ ശ്രീകുമാർ
- അക്ബർ കക്കട്ടിൽ
- പ്രകാശ് ചെന്തളം

## പ്രവർത്തനം 4 : ആസ്വാദനക്കുറിപ്പ്

### അനാവൃഷ്ടി

ഇടവം പോയീ കാല
വർഷത്തിനെന്താണാവോ
ഇടിവെട്ടുന്നില്ലൊരു
മിന്നലും കാണുന്നീല
കുടിനീരില്ലാ കിണ-
റൊക്കെയും വറ്റീ കഷ്ടം
കുടിലും വീടും തോടും
പാടവും വരണ്ടല്ലോ
ഇടയച്ചെറുക്കന്മാർ
കന്നുകാലികളായി -
ട്ടിവിടം വിട്ടിട്ടെങ്ങോ
പോകുന്നൂ തണ്ണീരിന്നായ്

എം എൻ പാലൂര്

- കാലാവസ്ഥ വ്യതിയാനത്തെ കുറിച്ച് കവി സൂചിപ്പിക്കുന്നത് എങ്ങനെ?
- ജലസമൃദ്ധമാവേണ്ട ഇടവപ്പാതിയിൽ വരൾച്ച പിടിമുറുക്കി എന്നത് എങ്ങനെ മനസ്സിലാക്കാം ?
- ഇടയച്ചെറുക്കന്മാർ കന്നുകാലികളുമായി സ്ഥലം വിടാൻ കാരണമെന്ത്?
- വരികളിലെ അക്ഷരങ്ങളുടെ ആവർത്തനം കാവ്യഭംഗി വർദ്ധിപ്പിക്കാൻ എങ്ങനെ സഹായകമാകുന്നു?

കവിത വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങളിലൂടെ ആസ്വാദനാംശങ്ങൾ കണ്ടെത്തി 'അനാവൃഷ്ടി' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

## പ്രവർത്തനം 5 : കാർട്ടൂൺ വിശകലനം




കാർട്ടൂൺ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

## പ്രവർത്തനം 6 : എ) ഉപന്യാസം

**കേരളത്തിന് കൈത്താങ്ങായി തമിഴ് താരവും**

ചെന്നൈ : കാഞ്ചന സിനിമയിലൂടെ ഇന്ത്യ ഒട്ടാകെ ആരാധകരെ സമ്പാദിച്ച നടനും സംവിധായകനുമായ രാഘവ ലോറൻസ് കേരളത്തിന്റെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപ സംഭാവന നൽകി. ചെറുപ്പത്തിൽ ഒരുപാട് ദുരിതം അനുഭവിച്ചു വളർന്നതിനാൽ സഹ ജീവികളോട് കാണിക്കുന്ന സ്നേഹത്തിന്റെയും കരുണയുടെയും പേരിലാണ് അദ്ദേഹം ജനഹൃദയങ്ങൾ കീഴടക്കിയത് . പ്രതിഫലത്തിന്റെ ഭൂരിഭാഗവും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് നടൻ ഉപയോഗിക്കുന്നത്.

2018 ലെ പ്രളയത്തിൽ കേരളം തകർന്നപ്പോൾ ധനസഹായവുമായി ആദ്യം എത്തിയവരിൽ ഒരാൾ രാഘവ ലോറൻസ് ആയിരുന്നു.

"കേരളത്തിന്റെ പ്രകൃതി എനിക്ക് വളരെ ഇഷ്ടമാണ്. ദൈവത്തിന്റെ സ്ഥലം പോലെ തോന്നുന്നു. പക്ഷേ പ്രളയം വന്നപ്പോൾ അവിടെയുള്ള വീടുകൾ എല്ലാം ഇടിഞ്ഞുവീണു. പ്രകൃതി തന്നെ പ്രളയത്തിൽ മുഴുവനായി തകർന്നു. ആ കാഴ്ച എന്നെ വല്ലാതെ വേദനിപ്പിച്ചു. ആ തുക ഉപയോഗിച്ച് പരമാവധി വീടുകൾ നിർമ്മിച്ചു നൽകാനാണ് ഞാൻ ആവശ്യപ്പെട്ടത്. ആ ഒരു കോടി കൊടുക്കാതെ വീട്ടിൽ വച്ചിരുന്നുവെങ്കിൽ ചിലപ്പോൾ ഞാൻ കുറച്ച് സ്ഥലം വാങ്ങുമായി രിക്കും . അല്ലെങ്കിൽ സ്വർണമോ വാഹനമോ ആഡംബരത്തിനു വേണ്ട മറ്റെന്തെങ്കിലും സാധനമോ വാങ്ങുമായിരിക്കും . അതൊക്കെ വെറും വസ്തുക്കളല്ലേ. പക്ഷേ ആ തുക കൊണ്ട് എത്രയോ ആളുകളുടെ കണ്ണീരൊപ്പാൻ കഴിഞ്ഞത് എനിക്ക് അതിനേക്കാൾ സന്തോഷം നൽകുന്നു." അദ്ദേഹം പറഞ്ഞു

(പത്രവാർത്ത)

നാട്ടുജീവിതത്തിന്റെ ഓരങ്ങളിൽ അർത്ഥശൂന്യമായി ഇടപെട്ടു കൊണ്ടിരിക്കുന്ന ചില നിരർത്ഥകമായ പ്രവർത്തനങ്ങൾ 'കിണറ്റിൽ വീണപൂച്ചയെ എങ്ങനെ കരകയറ്റാം' എന്ന കഥയിലും നാം കണ്ടു.
അവശ്യ സന്ദർഭങ്ങളിൽ സ്വന്തം താല്പര്യങ്ങളെ മാറ്റിനിർത്തിയും മറ്റുള്ളവർക്ക് സഹായകമാവാൻ തയ്യാറാകേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഒരു ലഘു ഉപന്യാസം തയ്യാറാക്കുക.

ബി) "വെള്ളത്തില് വീണ് പൂച്ച നേരത്തേ <u>മാടി</u>യിൽ അഭയം തേടിയതാവും."
അടിവരയിട്ട പദത്തിന് പകരം പദം എഴുതുക

- കിണർ
- തൊടി
- മാളം

*******************************************

# ഉത്തര സൂചിക

## പ്രവർത്തനം 1 : വായിക്കാം എഴുതാം

1) വരണ്ട ഭൂമി
2) ഒരു ആട്ടിടയനെ
3) മനുഷ്യരുടെ അത്യാഗ്രഹം
4) പൊതുഭൂമിയിൽ അത്യുത്സാഹത്തോടെ അയാൾ വിത്തുകൾ നട്ടു കൊണ്ടേയിരുന്നു. ആരാണ് ഭൂമിയുടെ ഉടമസ്ഥൻ എന്നറിയാൻ അയാൾക്കൊരു താൽപര്യവും ഇല്ല.

## പ്രവർത്തനം 2 : എ) പ്രതികരണക്കുറിപ്പ്

- ✗ കാട് ആരുടേതെന്ന് കണ്ടെത്തിയിട്ടുണ്ട്.
- ✗ കാടിന് എന്താണ് സംഭവിച്ചതെന്ന് വിശകലനം ചെയ്തിട്ടുണ്ട്.
- ✗ സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ✗ ഉചിതമായ ഭാഷ

ബി) കാട് ആരുടേത്

## പ്രവർത്തനം 3 : എ) നിവേദനം

- ✗ നിവേദനത്തിന്റെ ഘടന ( സംബോധന, ഉള്ളടക്കം, വിശദാംശങ്ങൾ, അഭ്യർത്ഥന) പാലിച്ചിട്ടുണ്ട്
- ✗ പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ സൂചിപ്പിച്ചിട്ടുണ്ട്.
- ✗ ഔദ്യോഗിക കത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്.

ബി) കുരീപ്പുഴ ശ്രീകുമാർ

## പ്രവർത്തനം 4 : ആസ്വാദനക്കുറിപ്പ്

- ✗ കവിതയുടെ ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട് .
- ✗ ഉദാഹരണങ്ങളും തെളിവുകളും ചേർത്ത് സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ✗ കവിതയുടെ സൗന്ദര്യതലം, ആശയങ്ങളുടെ സമകാലിക പ്രസക്തി എന്നിവ കണ്ടെത്തി യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട് .
- ✗ ഉചിതമായ ഭാഷ

## പ്രവർത്തനം 5 : കാർട്ടൂൺ വിശകലനം

- ✗ പ്രശ്നത്തെ/ സന്ദർഭത്തെ വിശകലനം ചെയ്ത് പ്രസക്തമായ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

- ✗ വിമർശനം/ വിശകലനം /നിരൂപണം ശക്തിയുക്തം അവതരിപ്പിക്കുന്നതിന് യോജിച്ച ഭാഷ പ്രയോഗിച്ചിട്ടുണ്ട്
- ✗ സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും ഉദാഹരണങ്ങൾ ചേർത്ത് വ്യക്തമാക്കിയിട്ടുണ്ട്
- ✗ ആശയം ചുരുക്കി പ്രതിപാദിച്ചിട്ടുണ്ട്

## പ്രവർത്തനം 6 : എ) ഉപന്യാസം

- ✗ സന്ദർഭവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്
- ✗ ഉപന്യാസത്തിന്റെ ഘടന പാലിച്ചിട്ടുണ്ട് (തലക്കെട്ട്, തുടക്കം . പ്രധാനാശയങ്ങൾ . വിശദീകരണങ്ങൾ . ഉപസംഹാരം )
- ✗ വിഷയവുമായി ബന്ധപ്പെട്ട് തന്റെ നിരീക്ഷണങ്ങളും നിലപാടുകളും യുക്തിയും ഉദാഹരണങ്ങളും സഹിതം സ്ഥാപിച്ചിട്ടുണ്ട്
- ✗ ആശയങ്ങളും നിലപാടുകളും വായനക്കാരിൽ എത്തിക്കാൻ അനുയോജ്യമായ ഭാഷ

ബി) മാളം

*******************************************************